**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4 — 11/06/2012-ൽ മറുപടിയ്ക്ക്

**പ്രകൃതിവാതക പൈപ്പുലൈനുകൾ കടന്നുപോകുന്ന 6 ജില്ലകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കൊച്ചി - ബംഗളൂരു - മംഗലാപുരം പ്രകൃതിവാതക പൈപ്പു ലൈനുകൾ കടന്നുപോകുന്ന 6 ജില്ലകളിലെ 4562 ഏക്കർ ഭൂമി ക്രയവിക്രയം നിലച്ച് മരവിക്കുമെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കൊച്ചി-ബംഗളൂരു-മംഗലാപുരം പ്രകൃതിവാതക പൈപ്പു ലൈനുകൾ കടന്നുപോകുന്ന 7 ജില്ലകളിലെ ഏകദേശം 2500ഏക്കർ ഭൂമിയിലുള്ള ഉപയോഗാവകാശം ഏറ്റെടുക്കുന്നതിനായി 1962-ലെ പെട്രോളിയം-ധാതു പൈപ്പ്ലൈൻ ആക്ട് 3(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിജ്ഞാപനം പ്രസ്തുത ഭൂമിയുടെ ക്രയവിക്രയം തടസ്സപ്പെടുത്തുന്നില്ല. |
| (ബി) പ്രസ്തുത പദ്ധതി കടന്നുപോകുന്ന പ്രദേശത്തെ ഭൂവുടമകളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് ശ്രമിക്കുമോ;ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ? | (ബി) ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്ക് മുൻകൂർ അറിയിപ്പ് നൽകിയിട്ടുണ്ട്. പെട്രോളിയം-ധാതു പൈപ്പ്ലൈൻ ആക്ട് അനുസരിച്ച് നിയമപ്രകാരമുള്ള നഷ്ടപരിഹാരം നിശ്ചയിച്ച് നൽകുന്നതാണ്. ഇതു സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.